പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *310 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പുനരധിവാസം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ടി. വി. ഇബ്രാഹിം<br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, പാറക്കൽ അബ്ദുല്ല** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ കാര്യത്തിൽ മുൻ സർക്കാർ സ്വീകരിച്ച നയം ഈ സർക്കാർ പിൻതുടരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. ട്രാൻസ്ജെന്റർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രാൻസ്ജെന്റർമാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു. ട്രാൻസ്ജെന്റർമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി അവർക്കഭികാമ്യമായ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) ഇവരുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന് വാഗ്ദാനം ഉണ്ടായിരുന്നോ; എങ്കിൽ അതു നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ക്രമീകരിച്ച വരുന്നു. തുടക്കമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലിംഗമാറ്റ ശസ്ത്രകിയ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) അവഗണിക്കപ്പെട്ട ഈ വിഭാഗത്തിന്റെ പുനരധിവാസകാര്യത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) നടപടികൾ സ്വീകരിച്ച വരുന്നു. ട്രാൻസ്ജന്റർ വിഭാഗത്തിന് പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ആരോഗ്യ സഹായം എന്നിവ നൽകുന്നതിനും അവരുടെ സംഘടനകൾക്കും മേളകൾക്കും ധനസഹായം നൽകുന്നതിനും 10 കോടി രൂപ അധികമായി ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ